## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2074**

**17.06.2014**- ലെ മറുപടിക്ക്

<u>സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കുമുള്ള പദ്ധതികൾ</u>

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. പി. കെ. ബഷീർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചക്കും പുരോഗതിക്കുമായി നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | പദ്ധതി | അനുബന്ധം | |
|---|---|---|---|
| | | ഉത്തരവുകൾ | പുരോഗതി |
| 1 | ആശ്വാസ് 2011 | സഹകരണ സംഘം രജിസ്ട്രാറുടെ 41/2011, 43/2011, 52/2011 നമ്പർ സർക്കുലറുകൾ. | കുടിശ്ശികയിനത്തിൽ 1007.05 കോടി രൂപ പിരിച്ചെടുക്കുകയും 73.[illegible] കോടി രൂപയുടെ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| 2. | ആശ്വാസ് 2012 | സഹകരണ സംഘം രജിസ്ട്രാറുടെ 24/2012, 29/2012 നമ്പർ സർക്കുലർ | കുടിശ്ശിക ഇനത്തിൽ 1995.61 കോടി രൂപ പിരിച്ചെടുക്കുകയും 53.[illegible] കോടി രൂപയുടെ ഇളവനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| 3. | ആശ്വാസ്-2014 | സഹകരണ സംഘം രജിസ്ട്രാറുടെ 1/2004 നമ്പർ സർക്കുലർ | 2014 ജനുവരി 15 മുതൽ മാർച്ച് 31 വരെ നടത്തി. |
| 4 | നിക്ഷേപ സമാഹരണം | രജിസ്ട്രാറുടെ 46/2012, 67/2013 നമ്പർ സർക്കുലർ | 2011 ൽ 4425.09 കോടി രൂപയും, 2012-13 ൽ 5194.36 കോടി രൂപയും 2013-14 ൽ 6674 കോടി രൂപയും സമാഹരിക്കാൻ കഴിഞ്ഞു. |
| 5 | നിക്ഷേപ ഗ്യാരന്റി സ്കീം | സർക്കാരിന്റെ 11.1.12 ലെ GO(P) No. 03/2012/Co-op നമ്പർ ഉത്തരവ്. | അർഹതയുള്ള എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളേയും സ്കീമിൽ ഉൾപ്പെടുത്തി നോട്ടിഫൈ ചെയ്തിട്ടുണ്ട്. |
| 6 | സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് 3% പ്രാതിനിധ്യം. | സഹകരണ സംഘം രജിസ്ട്രാറുടെ 28.2.13 ലെ 11/2013-ാം നമ്പർ സർക്കുലർ. | വ്യവസ്ഥ പാലിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 7 | കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി | 31.12.2011 ലെ സ.ഉ.(സാ.ധാ) നം. 703/2011/സഹ. | 31.12.2013 വരെ ആകെ 104.56 കോടി രൂപ ഇതിലൂടെ സമാഹരിച്ചിട്ടുണ്ട്. |
| 8 | കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ-കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം | വിലക്കയറ്റ വിരുദ്ധ വിപണനം നടത്തുന്നതിന് ഓരോ കാലയളവിലും പ്രത്യേകം പ്രത്യേകം അനുമതി ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഏറ്റവും ഒടുവിലായി 26.3.13 ലെ സ.ഉ.(സാധാ) 216/2013/സഹ. നമ്പർ ഉത്തരവ് നൽകിയിട്ടുണ്ട്) | ഉൽസവകാലങ്ങളിൽ സർക്കാർ സബ്സിഡിയോടുകൂടി 13 ഇനം സാധനങ്ങൾ 20% വരെ വിലകുറവിൽ നൽകുന്നു. കൂടാതെ 10 ഇനം അവശ്യ സാധനങ്ങൾ 20% വരെ വിലക്കുറവിൽ നന്മ സ്റ്റോറുകൾ വഴി വർഷം മുഴുവനും ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 67 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, കൺസ്യൂമർ ഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 15 പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ, 3 ഫ്ളോട്ടിംഗ് ത്രിവേണികൾ, 138 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എന്നിവ ആരംഭിക്കുകയും, 25,000 ഉൽസവകാല വിപണന കേന്ദ്രങ്ങൾ നടത്തുകയും, ത്രിവേണി മിനറൽ [illegible] വിപണിയിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 9 | സഹകരണ ടൂറിസം രംഗം | | ടൂർഫെഡ് എന്ന അപ്പെക്സ് സഹകരണ സ്ഥാപനം രജിസ്ടർ ചെയ്തു. ടൂറിസം പദ്ധതിയ്ക്കായി സബ്സിഡിയ്ക്ക് പുറമേ ഓഹരി ധനസഹായവും അനുവദിച്ചു. |
| 10 | പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ | | കേപ്പിന്റെ ആഭിമുഖ്യത്തിൽ പത്തനാപുരം എഞ്ചിനീയറിംഗ് കോളേജിൽ 2011-12 അദ്ധ്യയന വർഷത്തിൽ 4 കോഴ്സുകൾ ആരംഭിച്ചു. 5 എഞ്ചിനീയറിംഗ് കോളേജുകളിൽ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (TEQIP) അനുവദിച്ചു. പെരുമൺ എഞ്ചിനീയറിംഗ് കോളേജിൽ M.Tech യോഗ്യതയുള്ള 122 അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിച്ചു. |
| 11 | സഹകരണ ജീവനക്കാർ, കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപ പിരിവുകാർ, അംഗവൈകല്യം/മാനസിക വൈകല്യം ബാധിച്ച കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർ എന്നിവർക്കുള്ള ധനസഹായ പദ്ധതികൾ | (i) സർക്കാരിന്റെ 3.1.12 ലെ സ.ഉ.(കൈ)നം.1/2012<br>(ii) 4.7.12 ലെ സ.ഉ(സാ.ധാ) നം. 360/2012/സഹ. നമ്പർ ഉത്തരവ്.<br>(iii) 12.1.12 ലെ സ.ഉ.(എം.എസ്) മം.7/2012/സഹ നമ്പർ ഉത്തരവ്.<br>(iv) 14.6.2013 ലെ സ.ഉ(സാധാ)നം. 382/2013/സഹ. നമ്പർ ഉത്തരവ്. | (i) കമ്മീഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്ന നിക്ഷേപ പിരിവുകാരുടെ പ്രതിമാസ വേതനം 4,000/- രൂപയായി വർദ്ധിപ്പിച്ചു.<br>(ii) കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന ഗോൾഡ് അപ്രൈസർമാർക്ക് പ്രതിമാസ വേതനം 3000/- രൂപയായി വർദ്ധിപ്പിച്ചു.<br>(iii) അംഗവൈകല്യം/മാനസിക വൈകല്യം ബാധിച്ച കുട്ടികളുള്ള സഹകരണ സംഘം ജീവനക്കാർക്കുള്ള പ്രതിമാസ ബത്ത 450 രൂപയായി വർദ്ധിപ്പിച്ചു.<br>(iv) പ്രാഥമിക സഹകരണ സംഘങ്ങളിലെ പെൻഷൻകാർക്ക് പ്രതിമാസ പരമാവധി പെൻഷൻ തുക 11,500/- രൂപയായും, സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ പെൻഷൻകാർക്ക് 17,500/- രൂപയായും വർദ്ധിപ്പിച്ചു. |
| 12 | പ്രസാധന രംഗത്ത് നേട്ടം | | ഇക്കാലയളവിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം പുതിയ 817 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. |
| 13 | വിവിധ പഠന സമിതികളുടെ രൂപീകരണം.<br>(i) വനിതാ സഹകരണ സംഘങ്ങൾ<br>(ii) ആശുപത്രി സഹകരണ സംഘങ്ങൾ | സർക്കാരിന്റെ 14.11.12 ലെ സ.ഉ.(സാധാ) 642/12/സഹ. നമ്പർ ഉത്തരവ്.<br>4.2.13 ലെ സ.ഉ(സാധാ)70/2013/സഹ നമ്പർ ഉത്തരവ്. | കമ്മറ്റി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>കമ്മറ്റി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| | (vi) (പട്ടിക ജാതി/ പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം. | 25.11.11. ലെ സ.ഉ(സാധാ) 638/ 2011/ സഹ നമ്പർ ഉത്തരവ്. | ഇൻസ്റ്റിറ്റ്യൂട്ട് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു |
| 14 | ഉണർവ് പദ്ധതി | രജിസ്ട്രാറുടെ 51/2/2013 നമ്പർ സർക്കുലർ. | സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും, ദീർഘ കാലമായി ഈടാക്കാതേയും കൊടുത്ത് തീർക്കാതേയും, നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്ത് സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി. |
| 15 | റിസ്ക് ഫണ്ട് പദ്ധതിയിൽ ഭേദഗതി. | 30.3.2012-ലെ സ.ഉ(കൈ).42/2012/സഹ. നമ്പർ ഉത്തരവ് | ആകെ 22509.95 ലക്ഷം രൂപയുടെ 2214 പ്രൊപ്പോസലുകൾ അംഗീകരിച്ചു നൽകിയിട്ടുണ്ട്. മരണപ്പെടുന്ന വായ്പാക്കാരന്റെ എഴുതി തള്ളുന്ന വായ്പാ പരിധി ഒരു ലക്ഷത്തിൽ നിന്നും ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. വായ്പാ കാലാവധിക്ക് ശേഷം മരണപ്പെട്ടവർക്കും പ്രസ്തുത ആനുകൂല്യം ബാധകമാക്കുകയും, പരാലിസിസ്, ക്യാൻസർ, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവ മൂലം ശയ്യാലംബരായവരുടെ വായ്പകളിൽ 75,000/- രൂപ വരെ എഴുതി തള്ളുന്നതിനും വ്യവസ്ഥ ചെയ്യുകയുണ്ടായി. |
| 16 | 'എന്റെ സംഘം' ക്യാമ്പയിൻ | രജിസ്ട്രാറുടെ 12/2014 നമ്പർ സർക്കുലർ | സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും സംഘത്തിലെ ഓരോ അംഗത്തേയും അവർ അംഗമായ സംഘത്തിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാക്കുന്നതിനും ഉദ്ദേശിച്ച് 'എന്റെ സംഘം' എന്ന ക്യാമ്പയിൻ 2012-ൽ ആരംഭിച്ച് ലാക്കി. ടി പദ്ധതി പ്രകാരമുള്ള നടപടികൾ സംഘങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. |
| 17 | സഹകരണ നിയമത്തിൽ സമഗ്ര ഭേദഗതി വരുത്തി | 2013 കേരള സഹകരണ സംഘം (ഭേദഗതി) നിയമം (2013 ലെ 8-ാം ഭേദഗതി) | 97-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1969-ലെ കേരള സഹകരണ സംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്തു. സംഘങ്ങളുടെ സുസ്ഥിര വളർച്ചയും പുരോഗതിയും ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. |
| 18 | സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം | 30.01.2014 ലെ സ.ഉ.(സാധാ)നം. 99/2014/സഹ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചു | സഹകരണ വകുപ്പിന്റെ ആസ്ഥാന ആഫീസും അനുബന്ധ സ്ഥാപനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് തിരുവനന്തപുരത്ത് 65 സെന്റ് സ്ഥലം സർക്കാർ അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (iii) | പ്രിന്റിംഗ് സഹകരണ സംഘങ്ങൾ | 17.01.14 ലെ സ.ഉ.(സാധാ) നം. 57/2014 സഹ. നമ്പർ ഉത്തരവ് | കമ്മിറ്റിയുടെ അവസാനത്തെ മീറ്റിംഗ് കഴിഞ്ഞിട്ടുണ്ട് |
| (iv) | സഹകരണ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ | <u>സംസ്ഥാന സഹകരണ ബാങ്ക്</u><br>21.1.13 ലെ സ.ഉ.(സാധാ)28/2013/സഹ നമ്പർ ഉത്തരവ്.<br><br><u>സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.</u><br>5.10.2013 ലെ സ.ഉ.(സാധാ) 636/2013/സഹ നമ്പർ ഉത്തരവ്.<br><br><u>ജില്ലാ സഹകരണ ബാങ്കുകൾ</u><br>15.11.12 ലെ സ.ഉ(സാധാ)643/12സഹ നമ്പർ ഉത്തരവ്.<br><br><u>അർബൻ ബാങ്ക്</u><br>1.7.13 ലെ സഉ. (സാധാ)542/2013/സഹ നമ്പർ ഉത്തരവ്.<br><br><u>ആശുപത്രി സഹകരണ സംഘങ്ങൾ</u><br>4.2.2013 ലെ സ.ഉ.(സാധാ) നം. 70/സഹ/2013 നമ്പർ ഉത്തരവ്. | ഈ കമ്മറ്റികൾ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ശബള പരിഷ്കരണത്തിനുള്ള ശുപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടത്തിവരുന്നു. |
| (v) | റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ | V. സർക്കാരിന്റെ 7.2.12 ലെ സ.ഉ.(സാധാ) നം.78/2012/സഹ ഉത്തരവ്. | കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| 19 | സഹകരണ കോൺഗ്രസ്/എക്സ്പോ | | 2012 നവംബർ 13 മുതൽ 16 വരെ 7–ാം സഹകരണ കോൺഗ്രസ്സ് നവംബർ 1 മുതൽ 25 വരെ സഹകരണ എക്സിബിഷനും തൃശ്ശൂരിൽ വച്ച് സംഘടിപ്പിച്ചു. വിവിധ വിഷയങ്ങളെ അധികരിച്ച് അവതരിപ്പിച്ച പ്രബന്ധങ്ങളിൻമേൽ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കിയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 20 | കാർഷിക വായ്പാ പലിശ രഹിത പദ്ധതി | 8.2.2013 GO(MS)No. 23/2013 ലെ സഹ നമ്പർ ഉത്തരവ്. | പരമാവധി 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ രഹിത വായ്പ നൽകുന്ന പദ്ധതി. 2012–13 വർഷത്തിൽ 31 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ നാളിതുവരെ 4 കോടി രൂപ ലഭിക്കുകയും, ആയതിൽ 3.67 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. |
| 21 | കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ചു. | രജിസ്ട്രാറുടെ 40/2013 നമ്പർ സർക്കുലർ | കാർഷികഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ 14 ജില്ലകളിലെ തിരഞ്ഞെടുക്കുന്ന ബ്ലോക്കുകളിൽ കർഷക സേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി 2012–13 ൽ 40 സഹകരണ സംഘങ്ങളുടെയും 2013–14 ൽ 20 സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ കർഷക സേവന കേന്ദ്രങ്ങൾ ആനുവദിച്ചു. ഇതിൽ 31 എണ്ണം ആരംഭിച്ചു കഴിഞ്ഞു. |
| 22 | സഹകരണ ആഡിറ്റ് കുടിശ്ശിക തീർപ്പാക്കുന്നത്. | രജിസ്ട്രാറുടെ 13/2013 നമ്പർ കത്ത്. | ആഡിറ്റ് കുടിശ്ശിക തീർപ്പാക്കി ആഡിറ്റ് സമകാലികമാക്കുന്നതിന് തീവ്രയത്ന പരിപാടി നടപ്പിലാക്കി 95.87% പുരോഗതി കൈവരിച്ചിട്ടുണ്ട്. |
| 23 | സഹകരണ വകുപ്പിൽ പൗരാവകാശ രേഖ പ്രസിദ്ധികരിച്ചു. | സർക്കാരിന്റെ 2.9.11 ലെ സ.ഉ(പി) നം. 126/2011/സഹ നമ്പർ ഉത്തവ്. | വകുപ്പിനെ സംബന്ധിച്ച പൊതുവായ വിവരങ്ങളും വകുപ്പിൽ നിന്നും സേവനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു. |